പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5257** **23.05.2017 ൽ മറുപടിയ്ക്ക്**

## നാളികേരകർഷകരും നാളികേര വികസന ബോർഡിന്റെ ഫലവത്തായ ഇടപെടലുകളും

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) നാളികേരത്തിന്റെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം നൽകാമോ; | എ) ഉണ്ട്. നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര നാളികേര വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ "കേരഗ്രാമം" എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2017-18 വർഷവും നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 250 ഹെക്ടർ വീതം കേര കൃഷി വിസ്തൃതിയുള്ള 44 കേര ഗ്രാമങ്ങൾ രൂപീകരിച്ച് പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. 3332.50 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ ഈ കൊല്ലം പദ്ധതിയ്ക്കായി നീക്കിവച്ചിരിക്കുന്നത്. ശാസ്ത്രീയ കൃഷി രീതികൾ അവലംബിച്ച് കൃഷിച്ചെലവുകൾ ക്രമീകരിച്ചുകൊണ്ട് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ ഉതകുന്ന ഘടകങ്ങൾ എല്ലാം തന്നെ സമഗ്ര നാളികേര വികസനത്തിനായുള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ബി) നാളികേരത്തിനു ആദായകരമായ വില ലഭിക്കുന്നതിനുള്ള മാർഗ്ഗം നിലവിലുണ്ടോ;എങ്കിൽ പ്രസ്തുത മാർഗ്ഗങ്ങൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ; | ബി) ഉണ്ട്. നാളികേരത്തിന് ആദായകരമായി വില ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ തിരഞ്ഞെടുത്ത കൃഷി ഭവനുകളിലൂടെ കേരഫെഡിന്റെ സഹകരണത്തോടെ കർഷകരിൽ നിന്ന് നേരിട്ട് പച്ച നാളികേരം സംഭരണം നടത്തുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. നിലവിലുള്ള കൃഷി ഭവനുകളും, താല്പര്യമുള്ള കേരഫെഡ് അംഗസംഘങ്ങളും, നാളികേര |

| | |
|---|---|
| | ഉല്പാദന കമ്പനികളും വഴി സംഭരണ പദ്ധതി വിപുലപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ കേരഫെഡ് സ്വീകരിച്ചു വരുന്നു. |
| സി) കർഷകരെ സഹായിക്കാനായി നാളികേര വികസന ബോർഡ് ഫലവത്തായ ഇടപെടലുകൾ നടത്തി വരുന്നുണ്ടോ; | സി) ഉണ്ട്. |
| ഡി) എങ്കിൽ ഈ സർക്കാർ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | ഡി) കൃഷി വകുപ്പ് മുഖാന്തിരം കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ആവശ്യമായ സംസ്ഥാന വിഹിതം,ഭരണാനുമതി ലഭ്യമാക്കൽ തുടങ്ങിയ നടപടികൾ യഥാസമയം സ്വീകരിച്ചിട്ടുണ്ട്.<br>2016-17 സാമ്പത്തിക വർഷം പ്രാദേശിക തെങ്ങിൻ തൈ നഴ്സറികൾ സ്ഥാപിക്കുന്നതിന് കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിന്റെ വിഹിതമായ 3.2 ലക്ഷം രൂപയോടൊപ്പം സംസ്ഥാന വിഹിതമായ 3.2 ലക്ഷം രൂപ പദ്ധതിയ്ക്കായി അനുവദിച്ചിട്ടുണ്ട്.<br>കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് മുഖാന്തിരം കോക്കനട്ട് പാം ഇൻഷുറൻസ് പദ്ധതി അഗ്രികൾച്ചറൽ ഇൻഷുറൻസ് കമ്പിനി മുഖേന കൃഷി ഭവൻ തലത്തിൽ കാര്യക്ഷമമായി നടപ്പിലാക്കിയിട്ടുണ്ട്.<br>യന്ത്രോപകരണങ്ങൾ ഉപയോഗിച്ച് തെങ്ങ് കയറ്റം പരിശീലിപ്പിക്കുന്ന കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിന്റെ "തെങ്ങിന്റെ ചങ്ങാതിക്കൂട്ടം" എന്ന പദ്ധതി പ്രകാരം 2012-13 വർഷം പരിശീലനം ലഭിച്ച 82 ട്രെയിനികൾക്ക് ഇരുചക്രവാഹനങ്ങൾ ലോൺ മുഖാന്തിരം വാങ്ങുവാൻ 25% സബ്സിഡി (പരമാവധി 12,500/)- രൂപ നിരക്കിൽ 10.21377 ലക്ഷം രൂപ സംസ്ഥാന വിഹിതമായി 2016-17 വർഷം അനുവദിക്കുകയുണ്ടായി. |

നടപ്പ സാമ്പത്തിക വർഷം പട്ടിക ജാതി പട്ടിക വർഗ്ഗ കർഷകർക്കായി സമഗ്ര തെങ്ങ് പരിപാലന മുറകൾ അവലംബിച്ച് 1000 ഹെക്ടറിൽ പ്രദർശന തോട്ടങ്ങൾ സജ്ജമാക്കുന്ന പദ്ധതി (ലേയിംഗ് ഔട്ട് ഓഫ് ഡെമോൺസ്ട്രേഷൻ പ്ലോട്ട്- LODP) നടപ്പിലാക്കുന്നതിന് 100% കേന്ദ്ര വിഹിതമായ 175 ലക്ഷം രൂപയുടെ പ്രവർത്തനാനുമതി കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു

**സെക്ഷൻ ഓഫീസർ**